**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4711** **13-03-2023 - ൽ മറുപടിയ്ക്ക്**

**നദികളെ ജലസംഭരണികളാക്കി മാറ്റാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ , ശ്രീ. കെ. ജെ. മാക്സി, ഡോ. സുജിത് വിജയൻപിള്ള, ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വേനൽക്കാലത്ത് കുടിവെള്ളത്തിനും കൃഷിക്കും ആവശ്യമുള്ള വെള്ളത്തിന് നേരിടുന്ന ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിന് നദികളെ ജലസംഭരണികളാക്കി മാറ്റുന്ന പദ്ധതിക്ക് ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | നദികളെത്തന്നെ ചെറു ജലസംഭരണി കളാക്കുന്ന പ്രവർത്തനം നിലവിൽ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. നദികളുടെ കരപ്രദേശത്തിന് ആവശ്യമായ ഉയരം (bank height) ലഭ്യമാകുന്ന ഇടങ്ങളിലാണ് നദികളെ ചെറു സംഭരണികളാക്കാൻ കഴിയുന്ന റെഗുലേറ്ററുകൾ/ തടയണകൾ എന്നിവ നിർമ്മിക്കുന്നത്. നദിയുടെ അടിത്തട്ടിന്റെ ചരിവ്, പ്രളയ സാധ്യത ഉടങ്ങിയ ഘടകങ്ങൾ കൂടി പരിഗണിച്ചാണ് ഇത്തരം സ്ട്രക്ച്ചറുകൾ നിർമ്മിക്കുന്നത് . |
| (ബി) | നദികളിലും തോടുകളിലും ചെക് ഡാമുകൾ നിർമ്മിച്ച് പ്രദേശത്തുള്ള ഭൂഗർഭ ജല ലഭ്യത വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | നദികളിൽ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം ജലസംഭരണ പ്രവർത്തനങ്ങൾക്ക് ഉതകുന്ന വിവിധ ഘടനകളായ ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ എന്നിവ വിഭാവനം ചെയ്യുകയും, ഫണ്ടിന്റെ ലഭ്യതയനുസരിച്ചു നിർമ്മിക്കുകയും ചെയ്യാറുണ്ട്. ഈ വഴി നദികളെ ചെറു സംഭരണികൾ ആയി പരിണമിപ്പിക്കുവാൻ കഴിയുന്നതാണ്. ഇത് വഴി ജലലഭ്യത വർദ്ധിപ്പിക്കുവാനും, ഭൂജല പോഷണത്തിനും, സാധ്യമാകുന്നതാണ്. കൂടാതെ നദീജലപോഷണം സാധ്യമാകണമെങ്കിൽ നദീതടത്തെയും സംരക്ഷിക്കേണ്ട തുണ്ട്. ഇതിനായി നദീതടത്തിനകത്തുവരുന്ന ചെറു നീർത്തടങ്ങളെ ആധാരമാക്കി നീർത്തടപ്ലാനുകൾ (തദ്ദേശ സ്ഥാപനാടി സ്ഥാനത്തിൽ) തയ്യാറാക്കുകയും റിഡ്ജ് - ടു-വാലി സമീപനത്തോടുകൂടി ജലസ്രോത സ്സുകൾ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നദികളിലും അണക്കെട്ടുകളിലും അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് ജല വാഹക | (സി) | 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം നദികളുടെ അടിത്തട്ടിലും കരകളിലും നീരൊഴുക്കിലും |

| | | | |
|---|---|---|---|
| | ശേഷിയും സംഭരണ ശേഷിയും വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | മാറ്റം സംഭവിച്ചിട്ടുണ്ട്. ഇതിനൊപ്പം എക്കൽ, മണ്ണ്, മണൽ, മറ്റ് പാഴ് വസ്തുക്കൾ എന്നിവ അടിഞ്ഞ് ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥിതിയും നില നിന്നിരുന്നു. ഇത് കണക്കിലെടുത്ത്, നദികളിൽ അടിഞ്ഞു കൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് നദികളുടെയും, കൈവഴികളുടെയും വാഹകശേഷിയും, സംഭരണശേഷിയും വർധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഡാമുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കലും, ചെളിയും, മണ്ണും നീക്കം ചെയ്ത്, ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി മംഗലം ഡാമിൽ പൂർത്തീകരിച്ചിട്ടുണ്ട്. ചുള്ളിയാർ, വാളയാർ, മീങ്കര ഡാമുകളിൽ മേൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു.<br><br>നദികളിലേക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ / തോടുകളിൽ; ചെറുതടയണകൾ/ വെന്റഡ് ക്രോസ്ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കി ജലസംഭരണവും അതേസമയം ഭൂജലപോഷണവും സാധ്യമാക്കുന്നു. "സംയോജിത നീർത്തടപ്ലാനുകളിൽ" നിർദ്ദേശിച്ചിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/ തോടുകൾ എന്നിവ "റിഡ്ജ്- ടു-വാലി" സമീപനത്തോടെ പുന:രുദ്ധരിച്ച് സംഭരണശേഷി വർദ്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും, ഭൂജലപോഷണം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ പരിസ്ഥിതി സൗഹൃദവസ്തുക്കൾ ഉപയോഗിച്ച് ചെറുതടയണകൾ നിർമ്മിക്കുക, വലിയ തോടുകളിൽ ചരിവ് കണക്കാക്കി അടുത്തടുത്തായി തടയണകൾ നിർമ്മിക്കുക, കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തി പുല്ലുവച്ച് പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന ജലസംരക്ഷണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ